HON'BLE MR. A. THANU PILLAI : ഇന്നത്തെ ഭക്ഷ്യനിലയെ പരിഗണിച്ച് ഈ നിയന്ത്രണം നീക്കാൻ ഗവണ്മെൻറിനു സാദ്ധ്യമല്ല.

ഇലക്ട്രിസിറ്റി.

86. MR. P. NANU (*Chirayinkil II—General*) : താഴെപറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ആറ്റുങ്ങൽ മുനിസിപ്പാലിറ്റിയിൽ ഇലക്ട്രിസിറ്റി നടപ്പാക്കുന്നതിനു കാലതാമസം നേരിട്ടുകൊണ്ടിരിക്കുന്നതു് എന്തുകൊണ്ടാണു് ?

HON'BLE MR. A. THANU PILLAI : ഈ ലൈൻ കംപ്ലീറ്റ്ചെയ്യുന്നതിനു് ആവശ്യമായ സാമഗ്രികൾ കിട്ടാത്തതുകൊണ്ടാണു്.

MR. P. NANU : ഇപ്പോൾ ഗവണ്മെൻറിന്റെ കൈവശം ആവശ്യമുള്ള സാധനങ്ങൾ ഇല്ലേ ?

HON'BLE MR. A. THANU PILLAI : അതിനുപയോഗിക്കത്തക്ക സാമഗ്രികൾ ഇല്ല.

Forest Industries.

87. MR. P. T. CHACKO : Will the Honourable Minister for Industries be pleased to state;

(*a*) whether petrol is given to the Forest Industries, Travancore;

(*b*) If so what is the quantity allotted per month;

(*c*) Whether petrol is allotted separately to the vehicles used by the company; and

(*d*) If so why this duplication is permitted ?

HON'BLE MR. A. THANU PILLAI : (എ) കൊടുക്കുന്നുണ്ടു്.

(ബി) മാസംതോറും നാലായിരത്തിനും ഏഴായിരത്തിയഞ്ഞൂറിനും മദ്ധ്യേ കൊടുക്കുന്നുണ്ടു്.

(സി) കൊടുക്കുന്നില്ല.

(ഡി) ഉത്തരം ആവശ്യമില്ല.

MR. P. T. CHACKO : എഫ്. ഐ. ടി.ക്കു് കൊടുക്കുന്ന പെട്രോൾ ഏതു വാഹനങ്ങളാണു് ഉപയോഗിക്കുന്നതെന്നു് ഗവണ്മെൻറിനറിയാമോ ?

HON'BLE MR. A. THANU PILLAI : അവർക്കു് വിറകടിച്ചുകൊണ്ടുപോകുന്ന വാഹനങ്ങൾക്കു്.

LIBRARY ARCHIVES Kerala Legislative Assembly